**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

**വഞ്ചിയൂർ.പി.ഒ., തിരുവനന്തപുരം. പിൻ - 695035**

**ഫോൺ: 0471 2302490 വെബ്സൈറ്റ്: www.dhs.kerala.gov.in**

**ഇ-മെയിൽ: dhskerala@gmail.com, dhskerala.hsd@kerala.gov.in**

നം: DHS/28129/2025-EA2 തീയതി: 20-11-2025

സമയ പരിധി / അടിയന്തിരം

**സർക്കുലർ**

വിഷയം:- ആവഡ-സ്പെഷ്യൽറ്റി കേഡറിലെ ഗൈനക്കോളജി വിഭാഗത്തലേക്ക് ഓപ്ഷൻ നൽകി സീനിയോറിറ്റി ലിസ്റ്റുകളിൽ ഉൾപെട്ടവരും എന്നാൽ നിലവിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ തുടരുന്നവരുമായ മെഡിക്കൽ ഓഫീസർമാരുടെ വിശദാംശങ്ങൾ സമർപ്പിക്കുന്നത്- സംബന്ധിച്ച്:-

സ്പെഷ്യൽ റൂൾ പ്രകാരം സ്പെഷ്യൽറ്റി കേഡറിലെ ഗൈനക്കോളജി വിഭാഗത്തലേക്ക് 31.12.2022 വരെ ഓപ്ഷൻ നൽകി സീനിയോറിറ്റി ലിസ്റ്റുകളിൽ ഉൾപെട്ടവരും എന്നാൽ നിലവിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ തുടരുന്നവരുമായ മെഡിക്കൽ ഓഫീസർമാരുടെ വിശദാംശങ്ങൾ പ്ലേസ്മെന്റ് നടപടിക്രമങ്ങൾ കുറ്റമറ്റരീതിയിൽ പൂർത്തിയാക്കുന്നതിനായി ആവശ്യമായിരിക്കുന്നു.ആയതിനാൽ ചുവടെ ചേർത്തിരിക്കുന്ന പെർഫോമയിൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ **25.11.2025 തീയതിക്കുള്ളിൽ** ഈ ഓഫീസിലേക്ക് സമർപ്പിക്കുന്നതിന് കർശന നിർദ്ദേശം നൽകുന്നു.സ്പെഷ്യൽറ്റി കേഡറിലെ ഗൈനക്കോളജി വിഭാഗത്തിൽ നിരവധി ഒഴിവുകൾ നിലവിലുണ്ട് ആയതു ആരോഗ്യ വകുപ്പിലെ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നതിനാൽ ടി വിഭാഗത്തിലെ ഒഴിവുകൾ അടിയന്തിരമായി നികത്തേണ്ടതുണ്ട് ആയതിനാൽ പ്രസ്തുത മെഡിക്കൽ ഓഫീസർമാരുടെ വിശദാംശങ്ങൾ സമയബന്ധിതമായി സമർപ്പിക്കുന്നതിന് അടിയന്തിര നടപടി ജില്ലാമെഡിക്കൽ ഓഫീസർമാർ സ്വീകരിക്കേണ്ടതാണ് .

യഥാസമയം ഒഴിവുകൾ നികത്താൻ പറ്റാത്ത സാഹചര്യം സംജാതമായാൽ പ്രസ്തുത ഒഴിവുകൾ പി എസ് സി മുഖാന്തിരം നികത്തിന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതായി വരും .ആയതിനാൽ നിലവിൽ മേൽ സൂചിപ്പിച്ച സീനിയോറിറ്റി ലിസ്റ്റുകളിൽ ഉൾപെട്ടിട്ടും അസിസ്റ്റന്റ് സർജൻ തസ്തികയിൽ തുടരുന്ന ജീവനക്കാരുടെ വിശദാംശങ്ങൾ മുകളിൽ പ്രതിപാദിച്ചിരിക്കുന്ന തീയതിക്കുള്ളിൽ സമർപ്പിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുമെന്നും അറിയിച്ചു കൊള്ളുന്നു.

| Sl No | Name,PEN & Institution | Whether Probation declared/Not If yes details |
|---|---|---|

Signed by
Reena K J
Date: 20-11-2025 16:40:16

**ആരോഗ്യ വകുപ്പ് ഡയറക്ടർ**